# Desabhimani

## 18 July 2018

## Kochi; They Asked ,"Will Those House Be There?"

# അവർ ചോദിച്ചു, ആ വീടുകൾ അവിടുണ്ടാകുമോ



പിആൻഡ് ടി കോളനിയിൽ വെള്ളംകയറിയപ്പോൾ

**സ്വന്തം ലേഖിക**

**കൊച്ചി**

തിരിച്ചു ചെല്ലാൻ ഇനി വീടുണ്ടാകുമോ എന്ന ആശങ്കയിലാണ് കടവന്ത്ര കേന്ദ്രീയ വിദ്യാലയത്തിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന വിജിത രാജേഷ്. വിജിത മാത്രമല്ല സൗത്തിലെ പി ആൻഡ് ടി കോളനിയിലെ 87 കുടുംബങ്ങളും ഇതേ ആശങ്കയിലാണ്. മഴ കനത്തപ്പോൾ തന്നെ ചിലരെ ഇവർ ബന്ധുവീടുകളിലേക്ക് മാറ്റി. ഗർഭിണി അടക്കം 60 പേർ കടവന്ത്ര കേന്ദ്രീയ വിദ്യാലയത്തിലെ ദുരിതാശ്വാസ ക്യാമ്പിൽ ഉണ്ട്. വെള്ളം കയറിയതിനെ തുടർന്ന് വീട്ടിലെ സാധനങ്ങൾ നശിക്കാറായി. മെത്ത, അലമാരയിലെ വസ്ത്രങ്ങൾ, കുട്ടികളുടെ പഠനസാമഗ്രികൾ എല്ലാം വെള്ളത്തിലാണ്. ഇലക്ട്രോണിക് ഉപകരണങ്ങൾ ഇനി ഉപയോഗിക്കാനാകുമോ എന്നറിയില്ല. ഇത്രയധികം ദിവസം വെള്ളം കയറിയത് സമീപകാലത്തൊന്നും ഉണ്ടായിട്ടില്ലെന്നും ഇവർ പറഞ്ഞു. വിവിധ സന്നദ്ധപ്രവർത്തകർ ഭക്ഷണം എത്തിക്കുന്നുണ്ടെന്ന് ക്യാമ്പിന് നേതൃത്വം നൽകുന്ന ഡോ. മേരി അനിത പറഞ്ഞു. മെഡിക്കൽ സംഘത്തിന്റെ പരിശോധനയും ക്യാമ്പിൽ സംഘടിപ്പിച്ചു. ആവശ്യമായ പുതപ്പുകൾ എത്തിക്കാൻ സന്നദ്ധപ്രവർത്തകരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം, ക്യാമ്പ് സന്ദർശിക്കാൻ മേയർ സൗമിനി ജെയിൻ കൂട്ടാക്കിയില്ലെന്ന പരാതിയും കോളനി നിവാസികൾ പറഞ്ഞു.